# നിലാവ്



## ഉള്ളടക്കം

നിലാവ്.........1
എഡിറ്റോറിയൽ.........3
ആശംസ.........4
സ്റ്റാഫ് എഡിറ്റോറിയൽ ബോർഡ്.........9
ഈ വർഷം സ്കൂളിനോട് വിട പറയുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർ.........10
ലിറ്റിൽ കൈറ്റ്സിന്റെ സാരഥികൾ.........11
ലിറ്റിൽ കൈറ്റ്സ് - സീനിയേഴ്സ്.........12
ലിറ്റിൽ കൈറ്റ്സ് -ജൂനിയേഴ്സ്.........13
ഓണം.........14
കഥകളിയെ പറ്റി ഒരു വിവരശേഖരണം.........17
നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസ സമ്മേളനമാണ് കഥകളി. ഇതു കൂടാതെ സാഹിത്യം ഒരു പ്രധാനവിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമായി കരുതപ്പെടുന്നു. ചുട്ടികുത്ത്.........18
ചരിത്രം.........18
വെട്ടത്തു സമ്പ്രദായം.........19
കപ്ലിങ്ങോടൻ കഥകളിയിൽ വരുത്തിയ മാറ്റങ്ങൾ.........19
കല്ലുവഴിച്ചിട്ട പുതിയ കഥകളിയുടെ ആവിഷ്കരണം.........19
ഐതിഹ്യം.........20
തിരുവിതാംകൂർ രാജാക്കന്മാരുടെ സംഭാവന.........20
ആട്ടക്കഥ.........21
പ്രധാന ആട്ടക്കഥകൾ.........21
വേഷങ്ങൾ.........22
പച്ച.........22
കത്തി.........23
താടി.........24
കരി.........24
മിനുക്ക്.........24
മിനുക്ക്.........24
പഴുപ്പ്.........25
വര.........26
ദൈവത്തിന്റെ രൂപം അമ്മ.........27
പിറവി.........28
തകർത്തെറിഞ്ഞ പ്രളയം.........29

കണ്ണീർ തുളുമ്പുന്ന വേദനകൾ....................................................................................................31
OIL CONSERVATION TOWARDS HEALTHY AND BETTER ENVIRONMENT......................32
..................................................................................................................................................32
വര...............................................................................................................................................35
APJ Abdul Kalam.......................................................................................................................36
ഓർമ്മകളിലേക്ക്.............................................................................................................................37
പി കെ കാളൻ –ഗദ്ദികയുടെ കുലപതി ഒരോർമ്മ.............................................................................38
JOKER.........................................................................................................................................41
പ്രതിഭകളെ ആദരിക്കൽ..................................................................................................................42
നവോത്ഥാന എഴുത്തുകാരിക്കുള്ള അവാർഡ് നേടിയ..........................................................................43
Biography of Heath Ledger.........................................................................................................45
JOEL JOSE..................................................................................................................................50
പഠനയാത്ര....................................................................................................................................51
സൂര്യഗ്രഹണം-ക്ലാസ്.......................................................................................................................52

# എഡിറ്റോറിയൽ


പുതിയ സാങ്കേതിക വിദ്യകൾ കുഞ്ഞുമനസ്സുകളിൽ നല്ലതും ചീത്തയുമായ അറിവിന്റെ വാതായനങ്ങൾ തുറന്നിടുന്ന ഈ കാലഘട്ടത്തിൽ നന്മകൾ തിരിച്ചറിഞ്ഞ് സ്വീകരിക്കാനും തിന്മകളെ തിരസ്കരിക്കാനും കഴിവുള്ളവരായി മാറാൻ എല്ലാ കുട്ടിപട്ടങ്ങൾക്കും കഴിയണം.മനസ്സിലെ നന്മയുടെ നീരുറവകൾ വറ്റാതെ കാക്കാൻ , സ്വന്തം ചുറ്റുപാടിനെ തിരിച്ചറിയാൻ, അവനവനെയും സമൂഹത്തെയും സംരക്ഷിക്കാൻ,തന്റെ ചുറ്റുപാടുകളെ കണ്ണുംമനസ്സും തുറന്ന് കാണാൻ, പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കാൻ കുട്ടിപട്ടങ്ങൾക്ക് കഴിയണം.കണ്ടും അറിഞ്ഞും വിശാലമായ മനസ്സുമായി ഉയരങ്ങളിലേക്ക് പറക്കട്ടെ എല്ലാ കുട്ടിപട്ടങ്ങളും.

ഹൈടെക് ക്ലാസ് മുറികളിലൂടെ വികസിച്ച സാങ്കേതികവിദ്യയുടെ കാലത്തും കുഞ്ഞുമനസ്സുകളിലെ ഭാവനയുടെ ഉറവ വറ്റുന്നില്ല എന്നതിന്റെ തെളിവാണ് നിലാവ്.ഭാവനയുടെയും സ്വപ്നങ്ങളുടെയും ലോകത്ത് വിരാജിക്കുമ്പോഴും പുതിയ അറിവുകൾ സ്വീകരിക്കാനും പ്രാവർത്തികമാക്കാനും പുതുതലമുറ ശ്രമിക്കുന്നു. അതിന്റെ തെളിവാണ് നിലാവ്. കുട്ടിപട്ടങ്ങളുടെ ഈ ശ്രമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സരിത കെ സി

SITC

# ആശംസ



നവ കേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തി ക്കൊണ്ടിരിക്കുകയാണ്.സമഗ്ര ഗുണമേന്മാ വിദ്യാലയവികസന പദ്ധതികളുടെ ഭാഗമായി വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് , പ്രസ്തുത സങ്കേതങ്ങൾസമർത്ഥമായും ഫലപ്രദമായും ഉപയോഗിച്ചുകൊണ്ട് വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ സ്കൂളുകളിലെ ലിറ്റിൽകൈറ്റ്സിലൂടെ സാധ്യമാവുന്നതാണ്.

ജി എച്ച് എസ് എസ് തൃശ്ശിലേരിയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ സർഗ്ഗാത്മക പ്രവർത്തനങ്ങളിലൊന്നായ ഡിജിറ്റൽ മാഗസിന് ഹൃദ്യമായ ഭാവുകങ്ങൾ നേരുന്നു

പ്രദീപ് മാണിയത്ത്

ഹെഡ് മാസ്റ്റർ

# ആശംസ



തൃശ്ശിലേരി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ശ്രദ്ധേയവും മാതൃകാപരവുമാണ്. ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്നഡിജിറ്റൽ മാഗസിന് എന്റെ ഹൃദ്യമായ ആശംസകൾ നേരുന്നു.

**വി. ശശിധരൻ**

**പ്രിൻസിപ്പാൾ**

# <u>ആശംസ</u>



**കുട്ടിപ്പട്ടങ്ങൾ അനന്തവിഹായസ്സിൽ പൊങ്ങിപ്പറക്കാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ. സ്നേഹാശംസകൾ**..........

**ലതിക വി പി**

HSST **മലയാളം**

# ആശംസ



അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യയുടെ വിസ്മയലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻപഠനാനുഭവങ്ങളിലേക്കും നിങ്ങളെ കൈപിടിച്ചുയർത്താൻ സഹായിച്ച അധ്യാപകർക്കും അതിലുപരി നിലാവ് എന്ന ഡിജിറ്റൽ മാഗസിന്റെ നിർമ്മാണശില്പികളായ കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

പുഷ്പ ടി എ

സീനിയർ അസിസ്റ്റന്റ്

# ആശംസ



ആധുനിക സാങ്കേതികവിദ്യയുടെ ഉത്തുംഗശൃംഗത്തിലെത്തിനിൽക്കുന്ന ലിറ്റിൽ കൈറ്റ്സ് അനന്തവിഹായസ്സിൽ തന്റെ വിജയം ഉറപ്പാക്കുമ്പോൾ ഇവിടെ ഭൂമിയിലെ താരങ്ങൾ ജി.എച്ച്.എസ്.എസ് തൃശ്ശിലേരിയുടെ വാഗ്ദാനങ്ങൾ ഈ വർഷത്തെ ഡിജിറ്റൽ മാഗസിനുവേണ്ടി അക്ഷീണം പ്രയത്നിച്ച് വിജയഗാഥ ഒരുക്കികൊണ്ടിരിക്കുന്നു. ഈ അസുലഭ നിമിഷത്തിൽ ലിറ്റിൽ കൈറ്റ്സ് മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ചവർക്കും സർവ്വവിധ ആശംസകളും

നേർന്നുകൊള്ളുന്നു.

ഇന്ദുമതി ഏക്കോട്ടില്ലത്ത്.

HST HINDI

# സ്റ്റാഫ് എഡിറ്റോറിയൽ ബോർഡ്

പ്രദീപ് മാണിയത്ത്

പുഷ്പ ടി എ

അജിത കെ എം

ഇന്ദുമതി ഏക്കോട്ടില്ലത്ത്

സരിത കെ സി

# സ്റ്റുഡന്റ് എഡിറ്റോറിയൽ ബോർഡ്

ഈവ് ലിൻ തെരേസ

നേഹ ഷാജി

ജസ് ലിയ ജോണി

ജോയൽ ജോസ്

ജോയൽ എം എസ്

പൂജ സുനിൽകുമാർ

ആകാശ് എം

അശ്വിൻ റോയ്

അർജ്ജുൻ കെ മനോജ്

അമൃത കെ എ

മിൻഹാജ് എൻ പി

# ഈ വർഷം സ്കൂളിനോട് വിട പറയുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർ..............



**ശശിധരൻ സാർ**

**പ്രിൻസിപ്പാൾ**



**പുഷ്പ ടീച്ചർ**

**HSA ബയോളജി**



**ലതിക ടീച്ചർ**

**HSST മലയാളം**

# ലിറ്റിൽ കൈറ്റ്സിന്റെ സാരഥികൾ





**അജിത കെ എം**
**HST ബയോളജി**

**സരിത കെ സി**
**HST സോഷ്യൽ സയൻസ്**

# ലിറ്റിൽ കൈറ്റ്സ് - സീനിയേഴ്സ്



# ലിറ്റിൽ കൈറ്റ്സ് -ജൂനിയേഴ്സ്



# ഓണം

**ഓണപ്പൂക്കൾ പൂക്കില്ല, കായ്ക്കില്ല**

**വീട്ടുമുററത്തുമിന്നോണമില്ല**

**പുത്തനുടുപ്പിടാൻ മുണ്ടൊന്നുടുക്കുവാൻ**

**പോലുമിന്നാഹ്ളാദമാർക്കുമില്ല........**

**വരണ്ടുണങ്ങുന്നഓണമിന്നെവിടെയും**

**ആഘോഷിക്കാൻ പോലുമാരുമില്ല**

**ഓണം വിളിച്ചില്ല മാവേലി വന്നില്ല**

**കുട്ടികൾ പോലുമീനാട്ടിലില്ല....**

**എവിടെയെങ്കിലും പോണമെന്നുണ്ണി**

**വാശിയിടുന്നു അമ്മയോട്**

**വീട്ടിലില്ലാതെ സ്ഥലത്തില്ലാതെ**

**ഓണമില്ലാർക്കുമിന്നോണമില്ല.......**

**വീട്ടിൽചുരുങ്ങിഓണമെല്ലാർക്കും**

**നാട്ടിലാഘോഷം കാണാനുമില്ല**

**ഓണപ്പൂക്കൾ വിരിഞ്ഞില്ല കായ്ച്ചില്ല**

**വീട്ടുമുറ്റത്തുമിന്നോണമില്ല.....**

**ഉണ്ണികളില്ലാ വീട്ടുണർത്താൻ**

**വിളക്കുകളില്ലാ തിരി തെളിക്കാൻ**

**ഇന്നത്തെ ഉണ്ണികൾക്കെന്തറിയാം,**

പണ്ടെത്തെ നമ്മുടെ ഓണമെല്ലാം....

ഓണം വിളിച്ചില്ല മാവേലി വന്നില്ല

കൊച്ചുമക്കളുമിന്നിവിടെയില്ല

മലയാളനാടിൻ മഹത്വം  കെടുത്തുന്നു

ഓണമില്ലാത്ത മനുഷ്യരിന്ന്

ഓണം വിളിച്ചില്ല പൂവിളി വന്നില്ല

ഇനിയെന്നൊരോണം തിരികെ വരും?

എന്നെന്നുമോണം വരുമെന്നുണ്ണി..

പൊന്നോണമീന്നാട്ടിൽ തിരികെ വരും.

ഓണപ്പൂക്കളം നിറക്കേണമന്നാളിൽ

മാവേലിയോടൊത്തു പാടേണം

നോവുന്ന കേരളം മാഞ്ഞുപോയി

മനംനൊന്തു പാടിയ പക്ഷികൾ

കൂട്ടമായി ആർത്തുല്ലസിച്ച പാട്ടുപാടി

വീട്ടിലുംനാട്ടിലും ഓണം വന്നു..

പൂക്കളും പുലരിയും കൂടെവന്നു.

പുത്തനണിഞ്ഞ് പൊന്നുണ്ണി വന്നു...

പൊന്നോണമായ് നാട്ടും തിരികെ വന്നു

കൗശിക് കൃഷ്ണ. (7 A)

# കഥകളിയെ പറ്റി ഒരു വിവരശേഖരണം

തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച , കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്. ശാസ്ത്രക്കളി, ചാക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങി നിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ളവരുടെ ശ്രമഫലമായി ഇന്ന് ലോകപ്രസിദ്ധി കൈകേരളത്തിന്റെവരിച്ചിരിക്കുന്നു.



കഥകളിക്കുവേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടക്കഥയിലെ സംഭാഷണഭാഗങ്ങളായ പദങ്ങൾ, പാട്ടുകാർ പിന്നിൽ നിന്നും പാടുകയും നടന്മാർ കാവ്യത്തിലെ പ്രതിപാദ്യം അരങ്ങത്ത് അഭിനയത്തിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു. അഭിനയത്തിനിടയ്ക്ക് നടന്മാർ ഭാവാവിഷ്കരണപരവും താളാത്മകവുമായ രംഗചലനങ്ങളും അംഗചലനങ്ങളും പ്രദർശിപ്പിക്കുന്നു. പദങ്ങളുടെ ഓരോ ഭാഗവും അഭിനയിച്ചുകഴിയുമ്പോൾ ശുദ്ധനൃത്തചലനങ്ങൾ അടങ്ങുന്ന കലാശങ്ങൾ ചവിട്ടുന്നു. ഇങ്ങനെ അഭിനയത്തിലും അതടങ്ങുന്ന രംഗങ്ങളുടെ പരമ്പരയിലും കൂടി ഇതിവൃത്തം അരങ്ങത്ത് അവതരിപ്പിച്ച് രസാനുഭൂതി ഉളവാക്കുന്ന കലയാണ് കഥകളി .

**നൃത്തം, നാട്യം, നൃത്യം, ഗീതം, വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമഞ്ജസ സമ്മേളനമാണ് കഥകളി. ഇതു കൂടാതെ സാഹിത്യം ഒരു പ്രധാനവിഭാഗമാണെങ്കിലും ഇതു ഗീതത്തിന്റെ ഉപവിഭാഗമായി കരുതപ്പെടുന്നു.**

## ചുട്ടികുത്ത്

കളിതുടങ്ങുന്നതിനു മുൻപ് അരങ്ങുകേളി, വന്ദനശ്ലോകം, തോടയം, മേളപ്പദം തുടങ്ങിയ പ്രാരംഭച്ചടങ്ങുകൾ ഉണ്ട്. പശ്ചാത്തലത്തിൽ ഭാഗവതർആലപിക്കുന്ന പദങ്ങൾ ഹസ്തമുദ്രകളിലൂടെയും, മുഖഭാവങ്ങളിലൂടെയും അരങ്ങത്തു നടൻമാർ അഭിനയിച്ചാണ് കഥകളിയിൽ കഥ പറയുന്നത്. കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നു. പച്ച സൽക്കഥാപാത്രങ്ങളും (സാത്വികം), കത്തി രാജസ കഥാപാത്രങ്ങളും (രാജാക്കന്മാരായ ദുഷ്ടകഥാപാത്രങ്ങളും) ആണ്. കരിവേഷം രാക്ഷസിമാർക്കാണ്. ചുവന്ന താടി താമസ(വളരെ ക്രൂരന്മാരായ) സ്വഭാവമുള്ള രാക്ഷസർ മുതലായവരും, കറുത്ത താടി കാട്ടാളർ മുതലായവരുമാണ്. കലിയുടെ വേഷം കറുത്ത താടിയാണ്. ഹനുമാന് വെള്ളത്താടിയാണ് വേഷം. സ്ത്രീകളുടേയും മുനിമാരുടേയും വേഷം മിനുക്കാണ്. ഇത്തരത്തിൽ വേഷമണിയിക്കുന്നതിന് ചുട്ടികുത്ത് എന്നു പറയുന്നു.

## ചരിത്രം

**ഗീതഗോവിന്ദാഭിനയത്തിന്റെ പ്രേരണയിൽ നിന്നും ഉടലെടുത്ത ഒരു വിനോദമാണ് കൃഷ്ണനാട്ടം. അന്ന് വടക്കൻ ദിക്കുകളിൽ പ്രചാരത്തിലിരുന്ന അഷ്ടപദിയാട്ടത്തിന്റെയും അതിന്റെ ചുവടു പിടിച്ച് സൃഷ്ടിക്കപ്പെട്ട കൃഷ്ണനാട്ടത്തിന്റെയും രീതിയിലാണ് തമ്പുരാൻ രാമനാട്ടം രചിച്ചത്. 1555-നും 1605-നും ഇടയിലാണ് രാമനാട്ടം രചിച്ചത് എന്നാണ് പറയപ്പെടുന്നത്. കൊട്ടാരക്കരത്തമ്പുരാൻ എട്ട് ദിവസത്തെ കഥയാക്കി വിഭജിച്ച് നിർമ്മിച്ച രാമനാട്ടമാണ് പിൽക്കാലത്തു കഥകളിയായി പരിണമിച്ചത്.**

**കഥകളിവേഷത്തെ പരിഷ്കരിക്കുകയും ചെണ്ട ഉപയോഗിക്കുകയും ചെയ്തത് വെട്ടത്തുനാട്ടു രാജാവായിരുന്നു. പാട്ടിനായി പ്രത്യേകം ആളെ നിർത്തുന്ന രീതിയും വർണ്ണഭംഗിയുള്ള കിരീടങ്ങളും കടുത്തനിറത്തിലുള്ള കുപ്പായങ്ങളും പലവർണ്ണങ്ങളുപയോഗിച്ചുള്ള മുഖമെഴുത്തും എല്ലാം വെട്ടത്തുരാജാവിന്റെ സംഭാവനയാണ്. ഇതിനെ വെട്ടത്തുനാടൻ എന്നാണ് വിളിക്കുന്നത്. എത്യോപ്യയിലെ പരമ്പരാഗതവേഷമാണ് ഇതിനു പ്രചോദനമായിട്ടുള്ളത്. വെട്ടത്തുരാജാവിനെ കഥകളിപരിഷ്കരണത്തിൽ സഹായിച്ചത് കഥകളിപ്രേമിയായിരുന്ന ശങ്കരൻനായരായിരുന്നു.**

## വെട്ടത്തു സമ്പ്രദായം

രാമനാട്ടം കഥകളിയായി പരിഷ്കരിക്കപ്പെടുന്നതിന് വെട്ടത്തുരാജാവ് വരുത്തിയ മാറ്റങ്ങൾ ഇവയാണ്.

- നടൻമാർക്ക് വാചികാഭിനയം വേണ്ടെന്ന് തീർച്ചപ്പെടുത്തി.
- പാട്ടിനെ പിന്നണിയിലേയ്ക്കെത്തിച്ചു.
- കത്തി, താടി വേഷങ്ങൾക്ക് തിരനോട്ടം ഏർപ്പെടുത്തി.
- രാമനാട്ടത്തിലെ തൊപ്പിമദ്ദളത്തിനുപകരം ചെണ്ട ഏർപ്പെടുത്തി.
- കൂടിയാട്ടത്തിനനുസരിച്ചുള്ള പച്ച, കത്തി, താടി എന്നീ മുഖത്തുതേപ്പടിസ്ഥാനത്തിലുള്ള വേഷവിഭജനം കൊണ്ടുവന്നു.
- മുദ്രകളോടെയുള്ള ആംഗികാഭിനയം കൊണ്ടുവന്നു.

വെട്ടത്തുസമ്പ്രദായത്തെ പരിഷ്കരിച്ച് കഥകളിയെ ഒരു നല്ല നൃത്തകലയാക്കി തീർത്തത് കപ്ലിങ്ങാടൻ നമ്പൂതിരിയും. ഇന്നു കാണുന്ന കഥകളിവേഷങ്ങളുടെയെല്ലാം ഉപജ്ഞാതാവ് അദ്ദേഹമായിരുന്നു. കപ്ലിങ്ങാടന്റെ സമകാലീനനായിരുന്ന കല്ലടിക്കോടനും കഥകളിയിൽ പരിഷ്കാരങ്ങൾ വരുത്തി

## കപ്ലിങ്ങോടൻ കഥകളിയിൽ വരുത്തിയ മാറ്റങ്ങൾ

- കത്തി, താടി, കരി എന്നിവയ്ക്ക് മൂക്കത്തും ലലാടമധ്യത്തിലും ചുട്ടിപ്പൂ ഏർപ്പെടുത്തി.
- ചുട്ടിയ്ക്ക് അകവിസ്തൃതി കൈവരുത്തി.
- മുനിമാർക്ക് മഹർഷിമുടി നിർദ്ദേശിച്ചു.
- രാവണൻ, ജരാസന്ധൻ, നരകാസുരൻ എന്നീ കഥാപാത്രങ്ങളെ അരങ്ങിലെത്തിച്ച് കത്തിവേഷത്തിന് പ്രാധാന്യം നൽകി.

## കല്ലുവഴിച്ചിട്ട പുതിയ കഥകളിയുടെ ആവിഷ്കരണം

19ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ആവിർഭവിച്ച ശൈലി. കുയിൽത്തൊടി ഇട്ടിരാരിശ്ശി മേനോനാണ് ആവിഷ്കർത്താവ്. ഭക്തിപ്രസ്ഥാനവുമായി ഈ കലാരൂപത്തിന് ബന്ധമുണ്ട്. ഇക്കാലത്ത് കേരളത്തിൽ അമ്മദൈവങ്ങൾക്കാണ് പ്രാധാന്യമുണ്ടായിരുന്നത്. എന്നാൽവെട്ടത്തു സമ്പ്രദായം ഭക്തിപ്രസ്ഥാനഫലമായി രൂപം കൊണ്ടത് പുരുഷപ്രധാനഭക്തിയാണ്. ഭക്തിപ്രസ്ഥാനത്തിന്റെ പുരുഷപ്രധാനഭക്തി എന്ന ആശയം ഉൾക്കൊള്ളുകയും എന്നാൽ അന്ന് നിലനിന്നിരുന്ന മുടിയേറ്റ് തുടങ്ങിയ മാതൃഭക്തിപ്രധാനങ്ങളായ കലാരൂപങ്ങളുടെ അനുഷ്ഠാനരീതികൾ അവലംബിച്ചുമാണ് കഥകളിയുടെ ആദ്യരൂപമായ രാമനാട്ടം രൂപമെടുത്തത്.

രാമായണകഥയെ ഒൻപത് ഭാഗങ്ങളാക്കി ഭാഗിച്ച് 8 ദിവസംകൊണ്ടായിരുന്നു ആദ്യകാല അവതരണം. സംഘക്കളി, അഷ്ടപദിയാട്ടം, തെയ്യം, പടയണി, കൂടിയാട്ടം, തെരുക്കുത്ത് എന്നിങ്ങനെ ഒട്ടേറെ കലാരൂപങ്ങളിൽ നിന്നും സ്വാംശീകരിച്ചെടുത്തിട്ടുണ്ട്. രാമനാട്ടത്തിന്റെ അപരിഷ്കൃത അവതരണരീതികൾക്ക് മാറ്റം സംഭവിച്ചത് കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, വെട്ടത്തുനാടൻ എന്നീ പരിഷ്കാരസമ്പ്രദായങ്ങളിലൂടേയാണ്. അഭിനേതാവ് തന്നെ ഗാനം ചൊല്ലി ആടുന്ന രാമനാട്ടരീതിക്ക് മാറ്റം വരുത്തി. പിന്നണിയിൽ ഗായകരുടെ പാട്ടിനനുസരിച്ച് നടൻ അഭിനയിക്കുന്ന രീതി കൊണ്ടുവന്നത് വെട്ടത്തുനാടൻ സമ്പ്രദായമാണ്. ആട്ടത്തിനു ചിട്ടകൾ ഏർപ്പെടുത്തിയതും കൈമുദ്രകൾ പരിഷ്കരിച്ചതും കല്ലടിക്കോടൻ സമ്പ്രദായമാണ്. അഭിനയരീതിയുടെ ഒതുക്കം ആണ് കല്ലുവഴിച്ചിട്ടയുടെ പ്രധാനസംഭാവന. കലാശങ്ങൾ, ഹസ്താഭിനയം എന്നിവയിലാണ് ഈ ശൈലീപ്രകാരം പരിഷ്കാരം നടന്നത്.

## ഐതിഹ്യം

കോഴിക്കോട്ടെ മാനവേദൻ രാജാവ് എട്ടുദിവസത്തെ കഥയായ കൃഷ്ണനാട്ടം നിർമ്മിച്ചതറിഞ്ഞു കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടം കളിക്കുവാൻ കലാകാരന്മാരെ അയച്ചു തരണമെന്നാവശ്യപ്പെട്ടെന്നും , മാനവേദൻ തെക്കുള്ളവർക്കു കൃഷ്ണനാട്ടം കണ്ടു രസിക്കാനുള്ള കഴിവില്ലെന്ന് പറഞ്ഞു അതു നിരസിച്ചെന്നും, ഇതിൽ വാശി തോന്നിയാണു കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചത് എന്നും ഒരു ഐതിഹ്യം ഉണ്ട്.

## തിരുവിതാംകൂർ രാജാക്കന്മാരുടെ സംഭാവന

തിരുവിതാംകൂർ രാജാക്കന്മാർ കഥകളിക്ക് നൽകിയിട്ടുള്ള സംഭാവനകൾ ഏറെയാണ്. 'ബാലരാമഭരതം' എന്ന നാട്യശാസ്ത്രഗ്രന്ഥം രചിച്ചത് കാർത്തിക തിരുന്നാൾ മഹാരാജാവാണ്. 'നരകാസുരവധം' ആട്ടക്കഥയും അദ്ദേഹത്തിന്റെ കൃതിയാണ്. കാർത്തിക തിരുന്നാളിന്റെ

സഹോദരനായ അശ്വതി തിരുനാളിന്റെ കൃതികളാണ് രുഗ്മിണീസ്വയംവരം, അംബരീഷചരിതം, പൂതനാമോക്ഷം, പൌണ്ഡ്രകവധം എന്നീ ആട്ടകഥകൾ. കാർത്തിക തിരുന്നാളിന്റെ സദസ്സിൽപ്പെട്ട ഉണ്ണായിവാര്യർ 'നളചരിതം' ആട്ടകഥ രചിച്ചു. അശ്വതിതിരുനാളിന്റെ പിതാവ് കിളിമാനൂർ കോയിത്തമ്പുരാൻ 'കംസവധം' എഴുതി. 'രാവണവിജയം' ആട്ടകഥയുടെ കർത്താവ് വിദ്വാൻ കിളിമാനൂർ കോയിത്തമ്പുരാനാണ്. കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ ആട്ടക്കഥകളുടെ കർത്താവായ ഇരയിമ്മൻ തമ്പിയും രാജകൊട്ടാരത്തിലെ ചാർച്ചക്കാരനായിരുന്നു.

## ആട്ടക്കഥ

കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ.

### പ്രധാന ആട്ടക്കഥകൾ

- കാലകേയവധം
- കിർമ്മീരവധം
- ബകവധം ആട്ടക്കഥ
- കല്യാണസൗഗന്ധികം
- കീചകവധം
- ദക്ഷയാഗം
- രാവണവിജയം
- നളചരിതം (നാല് ദിവസങ്ങൾ)
- രാവണോത്ഭവം
- ബാലിവധം
- ഉത്തരാസ്വയംവരം
- രുക്മിണീസ്വയംവരം
- പൂതനാമോക്ഷം
- പൌണ്ഡ്രകവധം

- **അംബരീഷചരിതം**
- **നിഴൽക്കുത്ത്**
- **ഹരിശ്ചന്ദ്രചരിതം ആട്ടക്കഥ**
- **ശ്രീരാമപട്ടാഭിഷേകം**
- **കർണശപഥം**
- **ലവണാസുരവധം ആട്ടക്കഥ**

## വേഷങ്ങൾ

**കഥകളിക്ക് ചുട്ടികുത്തുന്നു**

**ചുട്ടികുത്തുന്ന പച്ചവേഷം**

**കഥകളിയിൽ പ്രധാനമായി ആറു തരത്തിലുള്ള വേഷങ്ങളാണുള്ളത്. കഥാപാത്രങ്ങളുടെപച്ച ആന്തരീകസ്വഭാവത്തിനനുസരിച്ചാണ് വിവിധവേഷങ്ങൾ നൽകുന്നത്. ഇവരുടെ ചമയത്തിലുള്ള നിറക്കൂട്ടുകളും വേഷവിധാനങ്ങളും ഈ വേഷങ്ങൾ അനുസരിച്ച് വ്യത്യസ്തമാണ്.**



### പച്ച

***രാമൻ***

സാത്വിക സ്വഭാവമുള്ള കഥാപാത്രങ്ങൾക്ക് പച്ചവേഷം; ഇതിഹാസങ്ങളിലെ വീരനായകന്മാരെയെല്ലാം പച്ച വേഷത്തിൽ അവതരിപ്പിക്കുന്നു. നന്മയുടെ ഭാവങ്ങളാണ് പച്ചവേഷങ്ങൾ. വീരരായ രാജാക്കന്മാർ, രാമൻ, ലക്ഷ്മണൻ, തുടങ്ങിയവർക്ക് പച്ചവേഷങ്ങളാണ്. മുഖത്ത് കവിൾത്തടങ്ങളുടെയും താടിയുടെയും അഗ്രമൊപ്പിച്ച്, അരിമാവും ചുണ്ണാമ്പും ചേർത്തുകുഴച്ച് ചുട്ടിയിട്ട്, കടലാസുകൾ അർധചന്ദ്രാകൃതിയിൽ വെട്ടി മീതെ വച്ച് പിടിപ്പിക്കുന്നു. നെറ്റിയുടെ മധ്യഭാഗത്തായി ഗോപി വരയ്ക്കുന്നതിനു "നാമം വയ്ക്കുക" എന്നു പറയുന്നു. ബലഭദ്രൻ, ശിവൻ തുടങ്ങിയവർക്ക് നാമം വയ്ക്കുന്നതിനു വെള്ളമനയോലയുടെ സ്ഥാനത്ത് കറുത്ത മഷി ഉപയോഗിക്കുന്നു.

## കത്തി



രാക്ഷസസ്വഭാവമുള്ള കഥാപാത്രങ്ങൾക്കാണ് സാധാരണയായി കത്തിവേഷം നൽകുക. രാവണൻ, ദുര്യോധനൻ, കീചകൻ, ശിശുപാലൻ, നരകാസുരൻ തുടങ്ങിയവർക്ക് കത്തിവേഷമാണ്. ഇതിൽ കണ്ണുകൾക്ക് തഴെയായി നാസികയോട് ചേർത്തും പുരികങ്ങൾക്ക് മുകളിലും ആയി കത്തിയുടെ ആകൃതിയിൽ അല്പം വളച്ച് ചുവപ്പ് ചായം തേച്ച് ചുട്ടിമാവു കൊണ്ട് അതിരുകൾ പിടിപ്പിക്കുന്നു. കത്തിവേഷത്തെ "കുറുംകത്തി" എന്നും "നെടുംകത്തി" എന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. കവിൺതടങ്ങൾക്കു താഴെ കത്തിയുടെ ആകൃതിയിൽ വരയ്ക്കുന്ന അടയാളത്തിന്റെ അഗ്രഭാഗം വളച്ചുവച്ചാൽ കുറുംകത്തിയും, വളയ്ക്കാതെ നീട്ടി കൺപോളകളുടെ അഗ്രങ്ങൾ വരെ എത്തിച്ചു വരച്ചാൽ നെടുംകത്തിയും ആകുന്നു. ശൃംഗാര രസം അഭിനയിക്കുന്നവരുടെ വേഷം കുറുംകത്തിതന്നെ ആയിരിക്കണം. ദുശ്ശാസനൻ, ഘടോൽഘചൻ തുടങ്ങിയവരുടെ വേഷം നെടുംകത്തിയായിരിക്കണം. 'പച്ച' വേഷത്തോടു സമാനമായ നിറക്കൂട്ടിൽ ചുവന്ന വരകൾ കവിളുകളിൽ വരയ്ക്കുകയും മൂക്കിലും നെറ്റിയിലും വെള്ള ഉണ്ടകൾ വയ്ക്കുകകയും ചെയ്യുന്നു. വസ്ത്രാഭരണങ്ങൾ എല്ലാം പച്ചവേഷം പോലെ തന്നെയാണ്.

## താടി





പ്രധാനമായും മൂന്ന് തരത്തിലുള്ള താടി വേഷങ്ങളാണുള്ളത്.

**വെള്ളത്താടി :** ഹനുമാൻ, ജാംബവാൻ പോലെയുള്ള അതിമാനുഷരും സാത്വിക സ്വഭാവത്തോടുകൂടിയവരും ആയ കഥാപാത്രങ്ങൾക്ക് വെള്ളത്താടി വേഷമാണ് നൽകുക.

**ചുവന്നതാടി :** താമസസ്വഭാവികളായ കഥാപാത്രങ്ങൾക്കാണ് ചുവന്ന താടി നൽകുക. ഉദാ:ബകൻ, ബാലി, സുഗ്രീവൻ, ദുശ്ശാസനൻ.

**കറുത്തതാടി :** ദുഷ്ടകഥാപാത്രങ്ങൾക്കാണ് കറുത്ത താടി വേഷം



## കരി

## മിനുക്ക്

കരിവേഷം

താമസസ്വഭാവികളായ വനചാരികൾക്കാണ് കരിവേഷം നൽകുക. ഇവരിൽ ആണ്കരിക്ക് കറുത്തതാടി കെട്ടിയിരിക്കും. ഉദാ:കാട്ടാളൻ. പെൺകരിക്ക് നീണ്ടസ്തനങ്ങളും കാതിൽ തോടയും കെട്ടിയിരിക്കും. ഉദാ: നക്രതുണ്ഡി, ശൂർപ്പണഖ, ലങ്കാലക്ഷ്മി.



## മിനുക്ക്

ദ്രൗപധി മിനുക്ക് വേഷത്തിൽ

**കഥകളിയിലെ മിനുക്കുവേഷങ്ങൾ വേഗത്തിൽ ചെയ്യാവുന്നതാണ്. മനയോല വെള്ളം ചേർത്തരച്ച് മുഖത്ത് തേയ്ക്കുന്നതിന് 'മിനുക്ക് 'എന്നു പറയുന്നു. ഇതിൽ അല്പം ചായില്യം കൂടി ചേർത്താൽ ഇളം ചുവപ്പുനിറം കിട്ടും. സ്ത്രീ കഥാപാത്രങ്ങൾക്കും മുനിമാർക്കും മിനുക്കുവേഷമാണ് നൽകുക. ഇവർക്ക് തിളങ്ങുന്ന, മഞ്ഞനിറമുള്ള നിറക്കൂട്ട് ആണു നൽകുക. സ്ത്രീകൾക്ക് കണ്ണെഴുത്ത്, ചുണ്ടു ചുവപ്പിക്കൽ തുടങ്ങിയവ മനോധർമം പോലെ ചെയ്ത് ഉടുത്തുകെട്ട്, കുപ്പായം തുടങ്ങിയവ അണിയുന്നു. തലയിൽ കൊണ്ടകെട്ടി പട്ടുവസ്ത്രം കൊണ്ട് മറയ്ക്കുന്നു.**

## പഴുപ്പ്


ശിവദേവകളായ ചില കഥാപാത്രങ്ങൾക്ക് മാത്രമാണ് പഴുപ്പുവേഷം. **ഉദാ: ആദിത്യൻ, ശിവൻ, ബലഭദ്രൻ.**



VIVEK S BABU

10 B

# വര



**പൂജ സുനിൽകുമാർ**

# ദൈവത്തിന്റെ രൂപം അമ്മ

ആദ്യാക്ഷരം ചൊല്ലിപഠിപ്പിച്ചതാണമ്മ

എൻ പിഞ്ചുകൈൾ രണ്ടും കോർത്തുപിടിച്ചതാണെന്നമ്മ

കാറ്റും മഴയും വെയിലും എനിക്കെല്ലാമാണ്

എന്റെ അമ്മ

പിച്ചവെക്കാൻ പഠിപ്പിച്ചതാണെന്നമ്മ

താമരപ്പൂം പൊയ്കയിൽ താരാട്ടുപാടി

താലോലിക്കുമെന്നമ്മ

ഓരോ പുസ്തകത്തിന്റെ താളുകളും

എന്റെ അമ്മയാണ് തന്നെ

എന്നും എന്റെ  ഒപ്പം ദൈവത്തെപ്പോലെ

കൂടെ നിൽക്കുമെന്നമ്മ

ചെറുപുൽനാമ്പുകളുമെന്നമ്മ

മണ്ണും വിണ്ണും പൂക്കളും

ഇലകളും പോലെ എൻ

ലോകമാണമ

എന്നമ്മയില്ലാതെ  എനിക്കീ

ലോകമിന്നില്ല.........

എന്നമ്മ എന്റെ സൃഷ്ടിദൈവമാണ്

അമ്മയില്ലാതെ ഞാനുമില്ല

ഇനി എന്നും എപ്പോഴും

കൂടെയുണ്ടാകുമെന്നമ്മ

അനിറ്റ ജോർജ്

# പിറവി

മനോഹരമായ ഒരു ചെറുകുഗ്രാമത്തിൽ,മലകളും പുഴകളും വയലുകളും തോട്ടുകളും നിറഞ്ഞ ഒരു മനോഹര സ്വർഗ്ഗത്തിൽ കലാസൃഷ്ടികളും കവിതകളും നിറഞ്ഞ നമ്മുടെ ഈ പ്രകൃതിയിൽ ആരും കണ്ടാൽ കൊതിച്ചു പോകുന്ന വാത്സല്യം നുകരാൻ കൊതിച്ചു പോകുന്ന ഒരു കുഞ്ഞ് ജനിച്ചു. ആ കുഞ്ഞ് പ്രകൃതിയുടെ മനോഹാരിതയെ നിലനിർത്തിക്കൊണ്ടിരുന്നു. പക്ഷെ ആ കുഞ്ഞിനെ അവന്റെ അമ്മ അവിടെ ഉപേക്ഷിച്ചിട്ട് പോയി. അതിനു പകരം അവന് വളരെ വാത്സല്യനിധിയായ. സ്നേഹനിധിയായ ഒരമ്മയെ കിട്ടി. പക്ഷെ അവനറിയില്ല അത് അവന്റെ വളർത്തമ്മയാണെന്ന്.മക്കളില്ലാത്ത ഒരമ്മയ്ക്ക് ദൈവം കൊടുത്തതാണവനെ. ആ അമ്മ കണ്ണനുണ്ണിയായി കണ്ണിലെ കൃഷ്ണമണിപോലെ വളർത്തി.അവന്റെ ഓരോ കളികളും ചിരിയും  ആ അമ്മയെ അവനിലേക്ക് കൂടുതൽ അടുപ്പിച്ചു. അവനെ ഒരിക്കൽ പോലും  ആ അമ്മ വിഷമിപ്പിച്ചിട്ടില്ല.അവനും ആ അമ്മയെ ഒരിക്കൽ പോലും

ഒരു വാക്കു കൊണ്ടോ നോട്ടം കൊണ്ടോ വേദനിപ്പിച്ചിട്ടില്ല അവൻ .  ആ അമ്മ എന്ത് പറഞ്ഞാലും അനുസരിക്കും  അമ്മ പറയുന്നതിനപ്പുറത്തേക്ക് അവനൊരു ലോകമില്ല. അവൻ നന്നായി പഠിക്കുമായിരുന്നു.അവന്റെ ലക്ഷ്യം ഒരു ഡോക്ടറാവാനായിരുന്നു.പക്ഷെ ഡോക്ടറായാൽ ഈ സ്വർഗ്ഗലോകത്തെ വിട്ട്  പോകേണ്ടിവരുമെന്ന ഭയം അവനെ ഭയപ്പെടുത്തി.

അബിന

4 എ

# തകർത്തെറിഞ്ഞ പ്രളയം

**ഞാൻ കണ്ടകാഴ്ചകൾ പലതര -**

**മുണ്ട്  ദുരന്തമുഖത്തു നിന്നും**

**വേദന കൊണ്ടു പറിച്ചെറിയുന്നൊരു**

**സങ്കടം കണ്ടന്നു ഞാൻ**

**വീട്ടുകൾ വയലുകൾ തോട്ടുകൾ**

**പുഴകളുമിന്ന് കവിഞ്ഞൊഴുകി**

**എന്തൊരു വേദന ദുരിതങ്ങ**

**ളാണിവ ദൈവമേ ഞാനെന്നു**

**ചൊല്ലും അഭയ കേന്ദ്രമായി**

**മാറിയ വിദ്യാലയങ്ങൾ**

**വലിയൊരു പുണ്യം**

**ചെയ് തീർത്തു**

**എന്തേ ദൈവമേ ഇങ്ങനെ**

**ചെയ്യുക ഞങ്ങൾ**

**പാവം മനുഷ്യരല്ലേ**

**ഭൂപ്രകൃതി ജാല ഭംഗിയു**

**മിന്നെന്തു കാണുവാനൊ**

**ത്തില്ല ചന്തം**

**വഴികളിൽ മനുഷ്യരിന്ന്**

മുട്ടോളം വെള്ളത്തിൽ

നടന്നകന്നു പോയി

സുന്ദര നാടിനെ എങ്ങനെ നശിപ്പി-

ക്കാൻ തോന്നി നിങ്ങൾക്കിതെങ്ങിനെ

നിങ്ങളീ ചെയ്തതിനെല്ലാം പകരം

അനുഭവധാരയൊഴുകിയെത്തും

വേദന ചൊല്ലാൻ വാക്കുകൾ

കൊണ്ടൊതുക്കുവാനാവില്ല ഇന്ന്

കഠിനശിക്ഷ പോലെ തന്നത്

ഞങ്ങൾ എന്തപരാധം

ചെയ്തു ഇന്ന്..........

സിദാൻ

# കണ്ണീർ തുളുമ്പുന്ന വേദനകൾ

**പെയ്തിറങ്ങുന്ന കണ്ണീർ തുള്ളികൾ**

**വെള്ളം പൊങ്ങീ ദുരിതമായി**

**ജനങ്ങളായി ദുരിതത്തിലേക്ക്**

**ജനങ്ങളായി ദുരിതാശ്വാസവുമായി**

**പ്രളയമേ നീ വരുന്നതെന്തിന്**

**ദൈവമേ ഞങ്ങൾ എന്തുചെയ്യും**

**ജനങ്ങളാകെ നിലവിളിച്ചു തുടങ്ങി-**

**ഞങ്ങളുടെ വീട്ടുപോയി അമ്മ പോയ്**

**അച്ഛൻ പോയ് മക്കൾ പോയ്**

**മഴയാണിന്നലെ ദുരിതപെയ്ത്ത്**

**കൊണ്ടുപോയ് പ്രിയരെ**

**ആരുമില്ല തനിച്ചായ്**

**മരങ്ങൾ വീണു മലയിടിഞ്ഞു**

**കഷ്ടത്തിലായ് ഞങ്ങൾ**

**ക്യാമ്പുകൾ ഞങ്ങൾക്ക് സുരക്ഷയേകി**

**ദൈവമേ ഇനിയും പരീക്ഷിക്കല്ലേ ഞങ്ങളെ...............**

അനാമിക

# OIL CONSERVATION TOWARDS HEALTHY AND BETTER ENVIRONMENT

Oil conservation is the important need of this hour.The rate at which humans have been using the fossil fuels is not only consuming future resources for the coming generations ,but also pollutting our environment alarmingly. The excessive use of fossil fuel have adversely affect man.Our environment is like a gigantic balloon of transparent life supporting gases that are being polluted with tar like emissions. Conserving oil will not only keep the oil reserves for future generations, but will also help us to conserve our environment. Let us see how reckless use of oil results in unwanted consequences.

GLOBAL WARMING

Burning of fossil fuels has damaged this beautiful balloon to such an extent that reclaiming it to its pristine purity and beauty is impossibility. Man , the foolish creature fails to see that his very existence depend on this balloon. It is a known fact that carbon dioxide a gas released when fossil fuel are burnt, is one of the primary gases responsible for global warming .Rise in temperature of earth has resulted in melting of polar ice caps ,flooding of low lying areas and rise in sea level . If such conditions continue , our planet earth might face some serious consequences in near future.

HEALTH HAZARDS

Besides damaging the environment ,air pollution causes by the emissions of gases produced in burning of fuels can result in asthma,chronic obstructive pulmonary disorder ,and lung cancer. Long

term exposure may increase respiratory infections in general people. Natural flora and fauna get affected with the toxic emissions that further complicate the ecological imbalance.

## BURDEN ON NATIONAL ECONOMY

India is one of the larrgest importers of oil from foreign countries .A major part of our national fund get spent on oil imports. According to a data India spent U S Dollar 111.9 billion on oil imports in 2018-19. If we had some other alternative fuel for oil,we could have saved so much of our funds and spent on other developmental activities.

## FUTURE IMPLICATIONS

Conservation of fuel is not only the urgent need of the current times .This colossal task can be accomplished by participation of all the people .Sagacious and frugal use of fossil fuel is the direst need of the hour. The present rate at which the fossil fuels are being used is quite alarming. There won't be left anything for the coming generations. We will be called highly selfish generation. If we don't leave fuel for the future generations. We must follow principles of sustainable development. After all it is our responsibility to bequeath a healthy and prosperous planet. Being parents and elders it is our moral responsibility.

## EXPLORING ALTERNATIVES FOR OIL FUEL

The best option in front of us at present to tackle the problems posed by fossil fuel is the option of using alternative sources of energy. The ever increasing demand for energy cannot be met by the fossil fuels. It will lead to environmental collapse as well as utter depletion renewable resources than the sun. Besides ,it is a renewable and clean energy source. Taking both environmental and economic cost,solar energy works cheaper than the fossil fuel resources . Once we master techniques to harness solar energy , it can be a vital source of power across the entire planet.

ELECTRIC VEHICLES

The rise in economic activity and the burgeoning population have led to a tremendous demand in the transport sector , especially in urban India . In the near future India's urban population is expected to grow five fold to a staggering 200 million ,pollution will also grow alarmingly . With this tremendous growth has emerged a very critical issue of keeping air and noise pollution in urban areas under control. The viable solution to the above mentioned problem is the use of electric vehicles (Evs). On the roads electric vehicles will reduce pollution by 16 lakh metric tones .The government must promote and encourage people to replace their pollution causing which with smart zero -emission vehicles , For this the government must make stricter laws to protect the environment . The government must also provide subsidy on these smart vehicles.

In conclusion it can be said that if we have to conserve our oil and save our environment it is possible only through minimizing the use of oil and replacing the fossil fuels with alternative sources of energy. We must switch over to them as early as we can for a brighter ,healthier and safer future.

ASWAS S VARIER
7 A

# വര



**പൂജ**

## APJ Abdul Kalam

Dr. APJ abdul kalam was born on 15th October 1931. His birth anniversary is observed as world student’s day. He was the president of India from 2002 to 2007. He was honoured with several prestigious award including India’s highest civilian honour “Bharat Ratna” in 1997. He was born in “Dhanush Kodi” Ramesweram, Tamil Nadu and studied physics and aerospace engineering

Name: Avul pakir jainulabdeen abul kalam

Quotes

- ➔ You have to dream before your dreams can come true .
- ➔ Let us sacrifice our today so that our Children's can have a better tomorrow .
- ➔ If you want to shine like a sun first burn like a sun.

**Amritha v.s**
**10 A**

# ഓർമ്മകളിലേക്ക്

കൊതിയാണെനിക്ക്  ഇന്നുമെൻബാല്യം
തിരികെ പോയിടാൻ കൊതിച്ചിരിപ്പൂ...
എന്തിനീ നാളുകൾ മുന്നോട്ട് നീങ്ങുന്നു
പിന്നോട്ട് കുതിക്കൂ നാളുകളെ നീ......
അന്നു ഞാൻ ആഗ്രഹിച്ചൊന്നു നീ
മുന്നോട്ട് പോയിരുന്നെകിൽ..
എന്നാൽ, അതെല്ലാം എൻ-
പാഴ്ചിന്തകളായിരുന്നോ ?
സൗഹൃദങ്ങളെ വിട്ടുപിരിയുമാ നാളുകൾ
ഇന്നുമെൻ ഓർമ്മയിൽ തങ്ങിടുന്നു.....
അന്നു നിൻ കണ്ണുനീർ തുള്ളിയിൽ
വിരിഞ്ഞ സ്നേഹത്തെ ഇന്നുഞാനറിഞ്ഞിടുന്നു..
ഇന്ന് നീ ചോദിക്കു എൻ ആഗ്രഹമെന്തെന്ന്..
ഞാൻ പറഞ്ഞിടും" തിരികെതരാമോ എൻ ബാല്യത്തെ നീ .............

**നേഹ ഷാജി**

## പി കെ കാളൻ –ഗദ്ദികയുടെ കുലപതി ഒരോർമ്മ

നാട്ടുഗദ്ദികയെന്ന ആചാരത്തനിമയുടെ നിധി സൂക്ഷിപ്പുകാരാണ് അടിയ സമൂഹം. ഗോത്രജീവിതത്തിന്റെ അതിവേഗം പിന്നിട്ടുപോകുന്ന കാഴ്ചകളിൽ നാട്ടുഗദ്ദിക സവിശേഷമാണ്.ഗദ്ദികയിലൂടെ അടിയരെ ലോകമറിഞ്ഞു. അടിയസമുദായത്തിൽ മാറ്റത്തിന്റെ വെളിച്ചവുമെത്തി.



ഗദ്ദിക, കുളിയാട്ട് തുടങ്ങിയ മാന്ത്രികമായ അനുഷ്ഠാനങ്ങൾ കാലഹരണപ്പെട്ടുവെന്ന തിരിച്ചറിവ് വയനാട്ടിലെ ആദിവാസി സമൂഹത്തിന് പി കെ കാളൻ പകർന്നുകൊടുത്തു. അടിയാന്റെ ജീവിതവുമായി ഇഴുകിച്ചേർന്നുകിടക്കുന്ന ഗദ്ദിക എന്ന മാന്ത്രിക കർമത്തിലൂടെ അവരുടെ ജീവിതപ്രശ്നങ്ങളെ വ്യാഖ്യാനിക്കുവാനാണദ്ദേഹം ശ്രമിച്ചത്. ഗദ്ദിക നടത്തിയതുകൊണ്ടുമാത്രം ഗർഭിണികൾ പ്രസവിക്കുകയില്ലെന്നും മരുന്നാണതിനാവശ്യമെന്നും സ്വാനുഭവത്തിലൂടെ അദ്ദേഹം ഗ്രഹിക്കുകയും അത് ജനങ്ങളുടെ മുമ്പിൽ വിളിച്ചുപറയുകയും ചെയ്തു. കേവലമൊരു നാടൻ അനുഷ്ഠാനമെന്നതിലുപരി അടിയാൻസമൂഹത്തിന്റെ സ്വത്വം പ്രകടമാക്കുന്ന ഗദ്ദിക പുതിയ രൂപത്തിലും ഭാവത്തിലും അദ്ദേഹം അവതരിപ്പിക്കുവാൻ തുടങ്ങി. അടിയാളരെ അടിച്ചമർത്തി ചൂഷണം ചെയ്തുവരുന്ന മേലാളന്മാരെ വിറപ്പിക്കുന്ന ശബ്ദമാണ് അദ്ദേഹത്തിന്റെ തുടിയിലൂടെ മുഴങ്ങിയത്. ‘ഗദ്ദിക അഥവാ പട്ടിണിമരണം’ എന്ന് സ്വന്തം കലാവതരണത്തിന് പേർ നൽകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതിന്റെ പിന്നിലും ഈ വികാരം കാണാം. ഗോത്രസംസ്കൃതിയുടെ ഹൃദയതാളം പ്രകടിപ്പിക്കുന്ന തുടിയുടെ പശ്ചാത്തലത്തിലുള്ള മാധുര്യവും പാരുഷ്യവും കലർന്ന കാളന്റെ ഗദ്ദികപ്പാട്ട്

നമ്മെ വിസ്മയിപ്പിക്കും. അതിന്റെ പാരമ്യത്തിൽ അദ്ദേഹം ഉറഞ്ഞുതുള്ളുകതന്നെ ചെയ്യും.

സ്കൂളിൽ പോകാനാവാതിരുന്ന പി.കെ. കാളനെ അക്ഷരങ്ങളുടെ ലോകത്തെത്തിച്ചത് സൗഹൃദങ്ങളായിരുന്നു. തൃശ്ശിലേരി സ്കൂളിൽ പ്രൈമറി അധ്യാപകനായി എത്തിയ നാണുമാസ്റ്ററാണ് അക്ഷരത്തിന്റെ ലോകത്തേക്ക് **പി കെ കാളൻ –ഗദ്ദികയുടെ കുലപതി ഒരോർമ്മ** പി.കെ. കാളനെ കൈപിടിച്ചാനയിക്കുന്നത്. നാടകവും പ്രത്യയശാസ്ത്രവും ചരിത്രവും ശാസ്ത്രവുമെല്ലാം സുഹൃത്തുക്കളിൽനിന്നുതന്നെ പഠിച്ചെടുത്തു.



ഒട്ടേറെ പടവുകൾ ചവിട്ടിക്കയറിയാണ് കേരള ഫോക് ലോർ അക്കാദമി ചെയർമാൻ എന്ന പദവിയിലേക്ക് പി കെ കാളൻ ഉയർന്നത് . ആ പദവിയിലിരിക്കുമ്പോഴും ആത്മനിന്ദ കലർന്ന സ്വരത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവത്തെക്കുറിച്ച് പൊതുവേദികളിൽ അദ്ദേഹം പറയാറുണ്ട്. തന്റെ ആത്മകഥയുടെ ചുരുളുകൾ അഴിച്ചുകൊണ്ട് ക്രമാനുഗതമായി വികസിക്കുന്ന ആ പ്രഭാഷണം പെട്ടെന്ന് ഉയർന്ന നിലവാരത്തിലേക്കുയരുന്നത് കണ്ട് പ്രേക്ഷകർ അത്ഭുതംകൂറും. ബാഹ്യമോടികളോ, ജാടകളോ ഇല്ലാത്ത ജീവിതവും പ്രവർത്തനശൈലിയുമായിരുന്നു കാളന്റേത്. വ്യവസ്ഥാപിത സംഘടനാരീതികൾ അദ്ദേഹത്തിന് അന്യമായിരുന്നു. പ്രവർത്തനങ്ങളിൽ അദ്ദേഹം കാണിക്കുന്ന ആത്മാർഥതയും അലിഞ്ഞുചേരലുമാണ് താനുമായി

ഇടപഴകുന്നവരെ അദ്ദേഹവുമായി അടുപ്പിക്കുന്നത്. അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർ ഗോകുൽദേവും ഡോക്ടർ രവീന്ദ്രനും വരെ സങ്കടം പൂണ്ടുനിൽക്കുന്നത് ഈയൊരു ആത്മസൌഹൃദത്തിന്റെ ഇഴയടുപ്പം ഒന്നുകൊണ്ടു മാത്രമാണ്.

കമ്മ്യൂണിസ്റ്റ്കാരന്റെ മതവിശ്വാസത്തെക്കുറിച്ചുള്ള തർക്കങ്ങൾ ചൂടുപിടിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഒരു കമ്മ്യൂണിസ്റ്റ്കാരന് എങ്ങനെ തികച്ചും യാഥാസ്ഥിതികമായ ഒരു സമുദായത്തെ നയിക്കുകയും പരിവർത്തനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യാം എന്ന് ലോകത്തിന് കാണിച്ചുകൊടുക്കുകയായിരുന്നു കാളേട്ടൻ....



**ഈവ് ലിൻ തെരേസ**

**9 എ**

# JOKER

‘Smile, because it confuse people. smile because it’s easier than explaining.what is killing bullhide”

“As you know ,madneri is like gravity all it
take is a little push”

“If you good at something,never do it
for free”

“why so serieous?

Sathyajith k.s

10 A

# പ്രതിഭകളെ ആദരിക്കൽ

## ദേശീയചലച്ചിത്ര അവാർഡ് നേടിയ ആളൊരുക്കം സിനിമയുടെ ഛായാഗ്രാഹകൻ സാംലാൽ പി തോമസ്









# നവോത്ഥാന എഴുത്തുകാരിക്കുള്ള അവാർഡ് നേടിയ

## ശ്രീജ വാര്യർ
## തൃശ്ശിലേരി



# ജൈവകൃഷിയിൽ വിപ്ലവം സൃഷ്ടിച്ച് കർഷക അവാർഡ്നേടിയ

## ജോൺസൺ മാഷ് തൃശ്ശിലേരി



# Biography of Heath Ledger

Heath Ledger was born on April 4, 1979, to mother Sally Ledger Bell, a French teacher, and father Kim Ledger, a racecar driver and mining specialist. He and his sister, Kate, were reportedly named after two main characters in Emily Brontë's Wuthering Heights. He also had two half sisters: Ashleigh Bell and Olivia Ledger, both of whom were born into his parents' second marriages. But Ledger's closest family relationship was with Kate, whom he later credited for spurring his acting career.Early in life, Ledger found a passion for playing chess. At the age of 10, he won Western Australia's Junior Chess Championship. It was around this time that he found an interest in becoming a stage performer, as he performed the lead role in Guildford Grammar School's production of Peter Pan.Unfortunately, while Ledger was enjoying this busy life of a 10-year-old, his parents found themselves growing apart. That year his parents would separate, before getting divorced when Heath was 11.

## Early Acting Career

Ledger found emotional release in acting, choreography and dance and continued seeking out roles in his grammar school. He also tried his hand on the big screen as an extra in the movie Clowning Around, and later appeared in the TV series Ship To Shore. At age 16, Ledger completed his early graduation exams, and he travelled cross-country to Sydney to pursue an acting career with his long-time friend Trevor DiCarlo. After various small roles on television, Ledger's feature film debut came in 1997 in the emotional drama Black rock. This led to a starring role in the historic fantasy series Roar, co-starring Keri Russell and backed by financiers in the United States. The series was nominated for several awards and exposed Ledger to American audiences and Fox executives. On the urging of then-girlfriend Liza Zane (who also appeared in the series,) Heath sought out an American agent and followed Zane back to Los Angeles at the age of 19.Making it in Hollywood: '10 Things' to 'A Knight's Tale'In 1999, Ledger was fully exposed to an international audience with his breakout role opposite Julia Stiles in 10 Things I Hate About You. The film was a cult success among younger audiences. Despite his young age and relative inexperience, he was soon beating out the Hollywood elite for major roles in blockbuster films.

Mel Gibson cast him as his son Gabriel Martin in The Patriot (2000.) His talent was tested in the lower-budget Monster's Ball (2000) opposite Billy Bob Thornton. And the highly experimental A Knight's Tale (2001) displayed Ledger's abilities as a true leading man. His exposure in these films, coupled with his growing reputation as a Hollywood playboy, led People magazine to name Ledger one of it's "50 Most Beautiful People" in 2001.

'Broke back Mountain'

Ledger worked steadily on independent films until 2005 when he was once again thrust into the spotlight with his contribution to one of the most controversial films to date. Ledger received "Best Actor of 2005" awards from both the New York Film Critics Circle and the San Francisco Film Critics Circle for his performance in Broke back Mountain. In the film, Ledger plays ranch hand Ennis Del Mar, who has a lifelong love affair with aspiring rodeo rider Jack Twist, played by Jake Gyllenhaal. He also received a Golden Globe nomination for Best Actor in a Drama, and an Academy Award nomination for Best Actor for his performance—making him, at age 26, the ninth youngest nominee for a Best Actor Oscar.

## Marriage to Michelle Williams

It was on the set of Broke back Mountain that Ledger met actress Michelle Williams. The two began a whirlwind relationship, and their daughter, Matilda Rose, was born on October 28, 2005 in New York City. Matilda Rose's godparents are Ledger's Broke back co-star Jake Gyllenhaal and Williams' Dawson's Creek (1998-03) castmate Busy Philipps. Problems with paparazzi in Australia prompted Ledger to sell his residence in Bronte, New South Wales, and move to the United States, where he shared an apartment with Williams in Brooklyn, from 2005 to 2007. In September 2007, Williams' father, Larry Williams, confirmed to Sydney's Daily Telegraph that Ledger and Williams had ended their relationship.

## Tragic Death

On January 22, 2008, Ledger was found unconscious in his bed by his housekeeper, Teresa Solomon, and his masseuse, Diana Wolozin, at his apartment in the SoHo neighbourhood of Manhattan. According to police reports, Wolozin used Ledger's cell phone to call Ledger's friend, Mary-Kate Olsen, for help. Emergency medical technicians arrived at Ledger's apartment at 3:33 p.m., but were unable to revive him. At 3:36 p.m., Ledger was pronounced dead

and his body was removed from the apartment. Soon after Ledger's death reached the news, erroneous reports began to surface, incorrectly claiming that the apartment he was in belonged to Mary-Kate Olsen. It was later reported by People magazine that Diana Wolozin (who found Ledger unconscious) had called Olsen before calling authorities because Olsen and Ledger had been casually dating in the months before his death. Ledger had told The New York Times in November of 2007 that he was taking Ambien, a prescription medication used for the short-term treatment of insomnia. He discussed the difficulty that he was having with portraying the Joker in the upcoming Batman movie The Dark Knight, a character he described as a "psychopathic, mass-murdering, schizophrenic clown with zero empathy.""Last week I probably slept an average of two hours a night," Ledger told the Times. "I couldn't stop thinking. My body was exhausted and my mind was still going." It is believed that the young star's death was caused by an overdose of the sleep aid, combined with various other prescription drugs found in his system post-mortem. The coroner's report ruled his death an accident.

## Posthumous Works

Before his unfortunate passing, Heath Ledger completed filming The Dark Knight. The blockbuster opened in U.S. theaters on July 18, 2008, and went on to gross more than $400 million in 18 days, thanks in large part to Ledger's terrifying performance as the Joker. The actor later was posthumously awarded a Golden Globe and an Academy Award for Best Supporting Actor for the role.

At the time of his death, Ledger was filming Terry Gilliam's The Imaginarium of Doctor Parnassus. Scenes that placed Ledger in a realistic world had been completed in London. After his passing, Ledger's role was recast to have new actors portray his "physically transformed versions" in a magical realm, including Johnny Depp, Jude Law and Colin Farrell. The film premiered on Christmas Day 2009.

**JOEL JOSE**

# പഠനയാത്ര










# സൂര്യഗ്രഹണം-ക്ലാസ്





# നന്ദി